# വിദ്യാഭ്യാസ റിയാലിറ്റി ഷോ

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടക്കുന്ന പ്രവർത്തന മികവുകളെ പങ്കുവയ്ക്കുന്നതിനും അംഗീകരിക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ് ഹരിത വിദ്യാലയ എന്ന പേരിൽ വിദ്യാഭ്യാസ റിയാലിറ്റി ഷോ സംഘടിപ്പിക്കുന്നു. ഗ്രീൻ കേരള എക്സ്പ്രസ് മാതൃകയിൽ നടത്തുന്ന സോഷ്യൽ റിയാലിറ്റി ഷോ ദൂരദർശനിലും ഐ.ടി.@ സ്കൂൾ വിക്ടേഴ്സിലും സംപ്രേഷണം ചെയ്യും. തിങ്കൾ മുതൽ വെള്ളിവരെ എല്ലാ ദിവസവും സംപ്രേഷണം ചെയ്യുന്ന പരിപാടി നവംബർ ഒന്നിന് ആരംഭിക്കും.

ഹൈസ്കൂൾ തലംവരെയുള്ള സർക്കാർ--എയ്ഡഡ് സ്കൂളുകൾക്ക് ഷോയിൽ പങ്കെടുക്കാം. മികച്ച സ്കൂളിന് 15 ലക്ഷം രൂപയാണ് സമ്മാനം. രണ്ടാം സമ്മാനം 10 ലക്ഷം രൂപയും മൂന്നാം സമ്മാനം അഞ്ചു ലക്ഷം രൂപയുമാണ്. പ്രാഥമിക റൗണ്ടിൽ പ്രവേശനം ലഭിക്കുന്ന എല്ലാ സ്കൂളുകൾക്കും 10,000/- രൂപ പ്രോത്സാഹന സമ്മാനവും നൽകും.

എസ്.എസ്.എ., എസ്.ഐ.ഇ.ടി., ദൂരദർശൻ, സി-ഡിറ്റ് എന്നിവരുമായി സഹകരിച്ച് ഐ.ടി @ സ്കൂളാണ് വിദ്യാഭ്യാസ റിയാലിറ്റി ഷോ ഒരുക്കുന്നത്. സാധാരണ റിയാലിറ്റി ഷോയിൽ നിന്ന് വ്യത്യസ്തമായി പഠന പ്രവർത്തനം, അധ്യാപന പരിശീലനം, സാമൂഹിക പങ്കാളിത്തം എന്നീ കാര്യങ്ങൾ കൂടി നിർവഹിക്കാൻ കഴിയും വിധമാണ് പരിപാടി ആവിഷ്കരിച്ചിരിക്കുന്നത്. അക്കാദമിക മികവ്, അടിസ്ഥാന സൗകര്യം, സമൂഹ കൂട്ടായ്മ, സാങ്കേതിക മികവ്, ഭരണ കാര്യക്ഷമത, ശുചിത്വവും പോഷകാഹാരവും, ഗവേഷണാത്മക പ്രവർത്തനങ്ങൾ, പഠനാനുബന്ധ പ്രവർത്തനങ്ങൾ, വിഭവ സമാഹരണം, സാമൂഹിക നീതിക്കായുള്ള പ്രവർത്തനങ്ങൾ തുടങ്ങി 11 ഘടകങ്ങളിലായാണ് വിദ്യാലയങ്ങൾ മത്സരത്തിന് തയ്യാറെടുക്കേണ്ടത്.

എല്ലാ വിദ്യാഭ്യാസ ജില്ലകളിൽ നിന്നും മൂന്ന് സ്കൂളുകൾ വീതം 114 സ്കൂളുകളെ പ്രാഥമിക റൗണ്ടിൽ മത്സരിപ്പിക്കും. ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് ഒരു സ്കൂൾ പ്രൈമറി വിഭാഗത്തിൽ നിന്നാവും. സെപ്റ്റംബർ 17 ന് ഇത് സംബന്ധമായ ചോദ്യാവലി ഐ.ടി. @ സ്കൂൾ വെബ്സൈറ്റിലും റിയാലിറ്റി ഷോയുടെ സൈറ്റിലും പ്രസിദ്ധീകരിക്കും. സെപ്റ്റംബർ 28 നാണ് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. ഓരോ സ്കൂളും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള 10 മിനിട്ടുള്ള വീഡിയോയോ മൾട്ടിമീഡിയ പ്രസന്റേഷനോ അപേക്ഷയോടൊപ്പം സമർപ്പിക്കണം.